# മാർജിൻഫ്രീ മാർക്കറ്റ്: മാർജിൻ ഫ്രീയല്ല

അടുത്തകാലത്തായി കേരളത്തിൽ പലയിടങ്ങളിലായി മാർജിൻ ഫ്രീ ഷോപ്പുകൾ എന്ന പേരിൽ കച്ചവട സ്ഥാപനങ്ങൾ തുടങ്ങുകയുണ്ടായി. ഉപഭോക്തൃസംഘടനകൾ എന്നു തോന്നിപ്പിക്കുന്ന തരത്തിൽ അവയുമായി സാദൃശ്യമുള്ള പേരുകളിലാണ് ഈ ഷോപ്പുകളുടെ സംഘാടകർ അറിയപ്പെടുന്നത്. എന്നാൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം മാത്രമേ പേരും പ്രവൃത്തിയും തമ്മിലുള്ളുവെന്ന് അവർ നൽകുന്ന ബില്ലുകളിൽ നിന്നുതന്നെ വ്യക്തമാവുന്നുണ്ട്. ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെടുമ്പോഴും 'വിറ്റസാധനം തിരിച്ചെടുക്കുന്നതല്ല' എന്ന് ഇവരുടെ ബില്ലിൽ പറയുന്നു. തകരാറുള്ള സാധനം തിരിച്ചെടുത്ത് നല്ലതു കിട്ടാനുള്ള ഉപഭോക്താവിന്റെ അവകാശം മാർജിൻ ഫ്രീ ഷോപ്പുകൾ നടത്തുന്നവർ അംഗീകരിക്കുന്നില്ലെന്നു സാരം. അതേസമയം ഉപഭോക്തൃസംഘടനകളാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നതെന്നു തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ പ്രചാരണവും നടക്കുന്നുണ്ട്. സംഘാടകരുടെ പേരിന്റെ കൂടെയുള്ള 'ഉപഭോക്തൃ' പ്രയോഗം തന്നെ ഇതിന്റെ തെളിവാകുന്നു. ഒരു ഉപഭോക്തൃ സംഘടന നടത്തുന്ന സ്ഥാപനം എന്നു വരുത്തി തീർത്താൽ ഉപഭോക്താക്കൾക്കിടിയിൽ പെട്ടെന്നു വിശ്വാസ്യത കൈവരിക്കാം എന്നു കച്ചവട താൽപര്യങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. വാസ്തവത്തിൽ ഉപഭോക്തൃസംഘടനകളുമായോ അവർ നടത്തുന്ന പ്രവർത്തനങ്ങളുമായോ ഇതിന്റെ സംഘാടകർക്ക് യാതൊരു ബന്ധവുമില്ലെന്നാണ് ഇതുസംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ നിന്നും മനസ്സിലാവുന്നത്.

'മാർജിൻ ഫ്രീ' എന്ന വാക്കുതന്നെ തെറ്റിദ്ധാരണാജനകമാണ്. ഒട്ടും ലാഭമെടുക്കുന്നില്ലായെന്നതാണ് ഈ വാക്കുകൊണ്ടുദ്ദേശിക്കുന്നതെന്നു തോന്നുന്നു. എന്തായാലും തരക്കേടില്ലാത്ത ലാഭം ഈ കടകളിൽ എടുക്കുന്നുണ്ട്. മാത്രമല്ല വില പോലും രേഖപ്പെടുത്താത്ത സാധനങ്ങളും വിറ്റഴിക്കുന്നുണ്ട്. ചില സാധനങ്ങൾക്ക് മറ്റു കടകളേക്കാൾ കൂടുതൽ 'മാർജിൻ' എടുക്കുന്നതായും തെളിഞ്ഞിട്ടുണ്ട്.

മാർജിൻ ഫ്രീ ഷോപ്പുകളിൽ മാർജിൻ ഫ്രീ എന്നു പറയുന്നത് ചില പ്രത്യേകതരം ഉൽപ്പന്നങ്ങൾക്കുമാത്രമാണെന്ന് ഇതു സംബന്ധിച്ച് ഇതെഴുതുന്നയാൾ നടത്തിയ അന്വേഷണത്തിൽ ബോധ്യമായി. പാക്കറ്റിലടക്കിയ ഉൽപ്പന്നങ്ങൾക്കാണ് 'വിലക്കുറവ്' നൽകുന്നത്.

ഈ 'വിലക്കുറവ്' നൽകുന്ന തന്ത്രമാകട്ടെ നിലവിലുള്ള ഒരു നിയമത്തിന്റെ അശാസ്ത്രീയത മുതലെടുത്തുകൊണ്ട് നിർമ്മാതാക്കളും വിതരണക്കാരും കച്ചവടക്കാരും കൂടെ നടത്തുന്ന ചൂഷണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

വളരെയധികം കൊട്ടിഘോഷിക്കപ്പെടുന്ന ഒരു നിയമമാണ് 1977-ലെ അളവുതൂക്ക (പാക്കേജ്ഡ് കമ്മോഡിറ്റീസ്) നിയമം. പാക്കറ്റിന്റെ പുറത്ത് പരമാവധി വിൽപ്പന വില (Maximum Retail Price-MRP)യടക്കം ചില കാര്യങ്ങൾ രേഖപ്പെടുത്തണമെന്നും MRPയിൽ കൂടുതൽ വില വാങ്ങുന്നത് കുറ്റകരമാണെന്നും നിയമം അനുശാസിക്കുന്നു. (ചില ഉൽപ്പന്നങ്ങളേയും നിശ്ചിത അളവിലും തൂക്കത്തിലും കുറവുള്ളവയേയും നിയമം ഒഴിവാക്കിയിട്ടുണ്ടെന്നതും ശ്രദ്ധിക്കേണ്ടതാണ്) നേരത്തെ നിലവിലിരുന്ന 'പ്രാദേശിക നികുതികൾ പുറമെ' (LT Extra)എന്ന പ്രഖ്യാപനത്തിന്റെ മറവിൽ തോന്നിയതരത്തിൽ വില ഈടാക്കുന്നതു തടയുകയായിരുന്നു പുതിയ നിയമത്തിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്ന്. അതേസമയം ഉപഭോക്താക്കളെ കൊള്ളയടിക്കാനുള്ള പഴുതുകൾ പുതിയ നിയമത്തിലും അടക്കപ്പെടാതെ നിലനിർത്തി. പരമാവധി വിലയിൽ കൂടുതൽ എടുക്കരുത് എന്നു നിഷ്ക്കർഷിക്കുന്ന നിയമം; വില ആര്, എങ്ങിനെ നിശ്ചയിക്കും എന്നു വ്യക്തമാക്കിയില്ല. എന്തുവിലയും നിശ്ചയിച്ച് രേഖപ്പെടുത്താനുള്ള സ്വാതന്ത്ര്യം അങ്ങനെ നിർമ്മാതാവിനു ലഭിച്ചു. ചില നിർമ്മാതാക്കളാകട്ടെ ഇത് വിതരണക്കാർക്കും കൈമാറി. അങ്ങിനെ ആളും തരവും അവസരവും നോക്കി വില വാങ്ങാവുന്ന സ്ഥിതി സംജാതമായി.

വില നിശ്ചയിക്കാൻ യാതൊരു മാനദണ്ഡവുമില്ലാത്തയവസ്ഥയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയ വിലയേ വാങ്ങാവൂ എന്നുപറയുന്നതിൽ കഴമ്പില്ലല്ലോ. പാക്കറ്റിൽ വൻതുകകൾ എഴുതുകയും അതിൽ നിന്നും ചെറിയൊരു കുറവു വരുത്തി വിൽപ്പന നടത്തുകയും ചെയ്യുന്നതിന്റെ കാരണം ഈ അശാസ്ത്രീയതയാണ്. ഈ അശാസ്ത്രീയതയുടെ പേരിൽ നടക്കുന്ന വൻ തട്ടിപ്പിനെപ്പറ്റി സാധാരണ ഉപഭോക്താവ് ബോധവാനല്ല. പാക്കറ്റിൽ രേഖപ്പെടുത്തിയ വില എടുത്തുകാട്ടി അതിൽ നിന്നും എന്തെങ്കിലും ഇളവു നൽകിയാൽ സാധാരണ ഉപഭോക്താവ് അത് കച്ചവടക്കാരന്റെ മഹാമനസ്ക്കതയും തന്നോടുള്ള സ്നേഹവുമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. (പെയിന്റുകൾ, ഇലക്ട്രിക് സാധനങ്ങൾ തുടങ്ങിയവയുടെ പാക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയും യഥാർത്ഥവിലയും തമ്മിലുള്ള അന്തരം മിക്കവരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ) ചുരുക്കിപ്പറഞ്ഞാൽ ഈ അശാസ്ത്രീയതയാണ് മാർജിൻ ഫ്രീ ഷോപ്പുകാർ പരസ്യം വഴി മുതലെടുക്കുന്നത്. ഉപഭോക്താക്കളെ ചൂഷണം ചെയ്യാനായി വ്യാപാരിയും വ്യവസായിയും പരസ്പരം കൂടുതൽ അടുത്തതായിട്ടുവേണം കരുതാൻ. കൊള്ളകളും മറ്റും വിറ്റഴിക്കാൻ കച്ചവടക്കാർക്കുള്ള താൽപര്യത്തിന്റെ പുറകിലും ഈ മാർജിൻ തന്നെയാണ് പ്രധാന ഘടകം.

ഉപഭോക്താക്കളുടെ പേരിൽ ആണയിടുന്ന മാർജിൻ ഫ്രീ കടകളിലും അളവുതൂക്ക നിയമപ്രകാരം കുറ്റകരമായ രീതിയിലുള്ള ഉൽപ്പന്നങ്ങൾ കാണാം. നിർമ്മാതാവിന്റെ പേരോ, നിർമ്മാണ തിയ്യതിയോ ഇല്ലാത്ത സാധനങ്ങൾ നിരവധിയാണ്. ഉപഭോക്താക്കൾക്ക് ഡിസ്ക്കൗണ്ട് നൽകാനായി കിട്ടുന്ന കാർഡിന് ഈടാക്കുന്ന സാമാന്യം ഭേദപ്പെട്ട തുക നല്ലൊരു ഫണ്ടുതന്നെ ആണ്. ഇത്തരത്തിൽ സമാഹരിക്കുന്ന വൻതുകയും അതിന്റെ പലിശയും ഡിസ്കൗണ്ടിനത്തിൽ കൊടുക്കുന്നുവെന്നു പറയപ്പെടുന്ന തുകയേക്കാൾ എത്രയോ വലുതാകണം.

ഉണ്ണി